18.32½ ഏക്കർ. മലബാർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിലുള്ള ക്ഷേത്രങ്ങൾ ഡിവിഷൻ അടിസ്ഥാനത്തിലാണ് അതിർത്തി തിരിച്ച് നിശ്ചയിച്ചിട്ടുള്ളത്. ആയതിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിനും 15-10-2008 മുതൽ ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ മുഖാന്തിരം നടപടി നടത്തിവരുന്നു. കൂടാതെ കയ്യേറ്റ പ്രശ്നങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് 20-7-2006 മുതൽ ലാന്റ് സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി ഒരു കെ.എൽ.സി. യൂണിറ്റ് ആരംഭിക്കുന്നതിനുള്ള കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ ക്ഷേത്ര സ്വത്ത് സംബന്ധിച്ച് വ്യവഹാരങ്ങൾ നടത്തുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുകൂടാതെ തങ്ങളുടെ അധികാര പരിധിയിലുള്ള കയ്യേറ്റ ഭൂമി ഒഴിപ്പിക്കുന്നതിനും ഭൂമിയുടെ വിലയുടെ മൂന്നിരട്ടി തുക പിഴ ഈടാക്കുന്നതിനും എല്ലാ സബ് കളക്ടർമാർ, തഹസിൽദാർമാർ, ഡെപ്യൂട്ടി കളക്ടർമാർ എന്നിവർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ കൈവശമുള്ള ഭൂമി കൃത്യമായി എത്രയെന്ന് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂ. ഇതിനകം അന്യാധീനപ്പെട്ട ഭൂമികൾ കണ്ടെത്തി 8 ഏക്കറോളം തിരിച്ചുപിടിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിൽ കോടതി, നഗരസഭ എന്നിവ മുഖേന ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ

134 (4420) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് ലക്ഷത്തിൽ കൂടുതൽ ക്ഷേത്ര വരുമാനമുള്ള ക്ഷേത്രങ്ങളിൽ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന്റെ നിലവിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും മുഴുവനായും നൽകുന്നില്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ഷേത്ര വരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല ശമ്പളം നൽകിവരുന്നത്.

ഗുരുവായൂർ ദേവസ്വത്തിൽ ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് റഗുലേഷൻ റൂൾ 6 പ്രകാരം കെ.എസ്.ആർ. പാർട്ട് I, II & III എന്നിവയിൽ കാലാകാലങ്ങളിൽ സർക്കാർ വരുത്തുന്ന ഭേദഗതികൾക്ക് വിധേയമായും അതാത് കാലത്തെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരവുമാണ് ശമ്പളം അനുവദിക്കുന്നത്. ക്ഷേത്രത്തിലെ പാരമ്പര്യ ജീവനക്കാർക്ക് കാലാകാലങ്ങളിൽ ഭരണസമിതി തീരുമാനപ്രകാരവും ശമ്പളം നൽകുന്നു. ഗുരുവായൂർ ദേവസ്വം ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും മുഴുവനായും നൽകിവരുന്നുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഏകീകൃത രീതിയാണ് നിലവിലുള്ളത്. എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാർക്ക് കെ.എസ്.ആർ. ബാധകമാക്കിയിട്ടുള്ളതും ക്ഷേത്ര ജീവനക്കാർക്ക് 5 വർഷത്തിലൊരിക്കൽ ബോർഡ് നിയോഗിക്കുന്ന ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശയനുസരിച്ച് ഏകീകൃത സ്വഭാവത്തിൽ ജീവനക്കാർക്ക് ശമ്പളവും അലവൻസും പൂർണ്ണമായും നൽകിവരുന്നു.

സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് മലബാർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിലുള്ള ക്ഷേത്രങ്ങളിലെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് കാലാകാലങ്ങളിൽ അതാത് ക്ഷേത്ര ഭരണാധികാരികൾ ശമ്പളം നൽകിവരുന്നത്. നിലവിൽ വിവിധ തസ്തികകളിൽ ശമ്പള സ്കെയിലുകൾ നിശ്ചയിച്ചുകൊണ്ട് സ.ഉ.(എം.എസ്.) 116/09/ആർ.ഡി. അനുസരിച്ചാണ് ക്ഷേത്ര ഭരണാധികാരികൾ ജീവനക്കാർക്ക് ശമ്പളം നൽകിവരുന്നത്. ക്ഷേത്രങ്ങളിലെ നിത്യനിദാനങ്ങളുൾപ്പെടെയുള്ള ദൈനംദിന ചെലവുകൾക്ക് ശേഷം, ക്ഷേത്രങ്ങളിൽ മതിയായ ഫണ്ടില്ലാത്തത് കാരണം ശമ്പളവും അലവൻസുകളും മുഴുവനായും നൽകുന്നതിന് പ്രയാസമനുഭവപ്പെടുന്നുണ്ട്. ക്ഷേത്ര ജീവനക്കാരുടെ നിയമനം, അവരുടെ ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകൽ എന്നിവ ചെയ്യുവരുന്നത് നിയമനാധികാരി കൂടിയായ ക്ഷേത്ര ഭരണാധികാരികളാണ്. ക്ഷേത്രങ്ങളിൽ നിന്നും ശമ്പളം നൽകുന്നതിന് ഫണ്ട് തികയാതെ വരുന്ന സാഹചര്യത്തിൽ 10 ലക്ഷം രൂപ വരെ വരുമാനമുള്ള ക്ഷേത്രങ്ങളിൽ, ശമ്പളം നൽകുന്നതിനാവശ്യമായ തുകയുടെ 50% തുക സർക്കാർ ഗ്രാന്റിൽനിന്നും രൂപീകരിച്ചിട്ടുള്ള മാനേജ്മെന്റ് ഫണ്ടിൽനിന്നും നൽകുന്നുണ്ട്.